# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T2015 | 14/07/2011-ൽ മറുപടിക്ക്

### ആദിവാസികൾക്ക് നൽകുന്നതിന് ഭൂമി കണ്ടെത്തൽ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ.വി. വിജയദാസ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏത് അവസ്ഥയിലാണ് ; | **(എ)യും (ബി)യും**<br><br>സംസ്ഥാനത്ത് ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് 09/11/2001-ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു. ഓരോ ജില്ലയിലേയും റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി, അവകാശികളില്ലാതെ തിരിച്ചെടുത്ത ഭൂമി (escheat land) തുടങ്ങി സർക്കാർ അധീനതയിലുള്ള പരമാവധി ഭൂമി ഭൂരഹിത/നാമമാത്ര ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. നാളിതുവരെയായി 6251 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8417.34 ഏക്കർ ഭൂമി വിതരണം ചെയ്തു. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഭൂമി അക്വയർ ചെയ്ത്/വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് ജില്ലകളിലേയും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകാൻ ലക്ഷ്യമിടുന്നുണ്ട്. |
| ബി | ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ ? | |

**സെക്ഷൻ ഓഫീസർ**